ലക്കം 29

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## മരണത്തിന്റെ ശാപം


*എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും – ഉല്പത്തി 2:17*

ആദമിനും ഹവ്വായ്ക്കും തന്നോട് ആശയവിനിമയം നടത്തുന്നതിനായി ദൈവം ആദിയിൽ അത്ഭുതകരമായ ഏദേൻതോട്ടം സൃഷ്ടിച്ചു. കർത്താവായ ദൈവം തോട്ടത്തിന്റെ നടുവിൽ ജീവ വൃക്ഷവും നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷവും സ്ഥാപിച്ചു. (ഉല്പ.2:9) ആദാമും ഹവ്വായും ജീവ വൃക്ഷം ഭക്ഷിച്ചിടത്തോളം അവരുടെ ആരോഗ്യവും ചൈതന്യവും സംരക്ഷിക്കപ്പെട്ടു. ജീവനുള്ള അനശ്വരമായ ആത്മാക്കളോടൊപ്പമാണ് അവർ സൃഷ്ടിക്കപ്പെട്ടത്. അവർക്ക് ഭൗതികമായി എന്നേക്കും ജീവിക്കാൻ ദൈവം വ്യവസ്ഥ ചെയ്തു. എന്നിരുന്നാലും, നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് ദൈവം അവരോട് കല്പിച്ചു. അനുസരണക്കേടിനുള്ള ശിക്ഷ മരണമായിരുന്നു. ദൈവം മനുഷ്യരാശിയെ സ്വതന്ത്ര ധാർമ്മിക ഏജന്റുമാരാക്കി, സ്നേഹിക്കാനുള്ള ശക്തിക്ക് ആവശ്യമായ തെരഞ്ഞെടുക്കാനുള്ള അധികാരം അവർക്ക് നൽകി.

ആദാമും ഹവ്വായും ശത്രുവിന്റെ പ്രലോഭനത്തിന് കീഴടങ്ങി, വിലക്കപ്പെട്ട വൃക്ഷഫലം തിന്നു. അവർ ഈ പാപമോ ലംഘനമോ ചെയ്തപ്പോൾ അവരുടെ കണ്ണുകൾ നന്മയുടെയും തിന്മയുടെയും യാഥാർത്ഥ്യത്തിലേക്ക് തുറക്കപ്പെട്ടു. (ഉല്പ:3:6,7). ഈ അറിവ് മനുഷ്യരാശിയിൽ നിന്ന് അവർ യാഥാർത്ഥ്യത്തിൽ സൃഷ്ടിക്കപ്പെട്ട നിഷ്കളങ്കതയെ എന്നന്നേക്കുമായി അപഹരിച്ചു. അനുസരണക്കേടിന് മുമ്പ്, ആദാമും ഹവ്വായും നിഷ്കളങ്കതയുടെയും ആത്മീയ വിശുദ്ധിയുടെയും അവസ്ഥയിലായിരുന്നു.

ദൈവത്തിന്റെ വാക്കുകൾ സത്യവും അത് ഇന്നെന്നപോലെ ഭാവിയിലും മാറ്റമില്ലാത്തതാകുന്നു. മരണത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രഖ്യാപനം ഏദൻതോട്ടത്തിൽ നിവൃത്തിയായി. ഏതു രീതിയിലുള്ള ഒരു മരണമായിരുന്നു സംഭവിച്ചത് ? മരണത്തിന്റെ ശാപത്തിന് രണ്ടുവിധ പ്രകൃതമായിരുന്നു – ആത്മീകവും ശാരീരികവും.

ആത്മീയ മരണം സംഭവിച്ചു, ദൈവവും മനുഷ്യനും തമ്മിൽ വേർപിരിയൽ ഉണ്ടായി. ദൈവം ഒരു വിശുദ്ധ ദൈവമാണ്. അശുദ്ധിയുമായി പൊരുത്തപ്പെടാൻ കഴിയില്ല. ദൈവവും മനുഷ്യനും തമ്മിൽ നിലനിന്നിരുന്ന ആത്മീയകൂട്ടായ്മയും ബന്ധവും പാപംനിമിത്തം തകർന്നു. ആദാമിന്റെ പതനത്തിലൂടെ പ്രചരിപ്പിച്ച നന്മതിന്മകളെ കുറിച്ചുള്ള അറിവ് കൊണ്ട് മനുഷ്യന്റെ ആത്മാവ് ദുഷിപ്പിക്കപ്പെട്ടു. ഇന്നും കുട്ടികൾ സ്വഭാവികമായും പാപം ചെയ്യാൻ ചായ്വുള്ളവരായതിനാൽ അവരെ ഒരിക്കലും തെറ്റ് ചെയ്യാൻ പഠിപ്പിക്കേണ്ടതില്ല. സങ്കീ:51:5–ൽ ദാവീദ് രാജാവ് ഇതിനെക്കുറിച്ചു പറഞ്ഞു.” ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു.” ദാവീദ് ആദിമുതൽ തനിക്കുണ്ടായിരുന്ന പാപസ്വഭാവം പ്രകടിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുകയായിരുന്നു. ഈ തത്വത്തെ “ജന്മപാപം” എന്നു വിളിക്കപ്പെടുന്നു. ഓരോ വ്യക്തിയും



**“മരണത്തിന്റെ ശാപത്തിന് രണ്ടുവിധ പ്രകൃതമായിരുന്നു – ആത്മീകവും ശാരീരികവും”.**


| | | | | |
|---|---|---|---|---|
| മരണത്തിന്റെ ശാപം 1 | പത്രാധിപലേഖനം 3 | ബൈബിൾ പഠനം<br>ഒന്നും രണ്ടും മരണവും പുനരുത്ഥാനവും 4 | അനുബന്ധ ലേഖനം 5 - 6<br>ചോദ്യവും ഉത്തരവും 7 | നിങ്ങൾക്കറിയാമോ?<br>തക്കസമയത്തെ വാക്ക് 8 |

ജനനത്തിൽ ലോകത്തിലേക്ക് കൊണ്ടു വരുന്ന പാപത്തിലേക്കുള്ള പ്രവണതയും ചായ്‌വിനെയും ഇതു സൂചിപ്പിക്കുന്നു.

ഏദെൻ തോട്ടത്തിൽ ആരംഭിച്ചതും തുടർന്നുള്ള തലമുറകളിലേക്ക് കൈമാറിയ ഈ പാപപ്രകൃതിയുടെ കാരണവും അല്ലെങ്കിൽ കൈമാറ്റവും സംബന്ധിച്ച് നിരവധി മതപരമായ വിവാദങ്ങളും ഭിന്നതകളും ഉണ്ടായിട്ടുണ്ട്. എല്ലാ ചർച്ചകളുടെയും സംവാദങ്ങളുടെയും അവസാനം സത്യാന്വേഷിയായ ഒരു വ്യക്തി റോമർ 3:23ൽ പ്രതിപാദിക്കുന്ന യാഥാർത്ഥ്യം  അംഗീകരിക്കണം. "എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായി തീർന്നു". വീണ്ടെടുക്കപെടാത്ത മനുഷ്യന്റെ ചായ്‌വ് ജഡത്തിന്റെ പാപ പ്രവർത്തിയിലേക്കാണ്. യേശുവിന്റെ രക്തത്തിലൂടെയും  പരിശുദ്ധാത്മാവിന്റെ ശുദ്ധീകരണ ശക്തിയിലൂടെയും ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കാൻ കഴിയും.  എന്നാൽ തെരഞ്ഞെടുക്കാനുള്ള ഒരുവന്റെ ശക്തി  കാരണം പാപത്തെ ആവാഹിക്കുവാൻ കഴയും, വീണ്ടെടുക്കപ്പെട്ട് വേർപാട് പാലിക്കുന്നവന് നീതിയെ പിൻപറ്റുവാനും കഴിയും.

"അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു." റോമർ 5:12. ആദാമും ഹവ്വയും അനുഭവിച്ച പെട്ടെന്നുള്ള മരണം ഒരു ആത്മീയ മരണമായിരുന്നു. ശുദ്ധീകരണവും ക്ഷമയും കൂടാതെയുള്ള മനുഷ്യന്റെ ആത്മാവ് എന്നേക്കുമായി ദൈവവുമായി വേർപിരിയുന്നു. "നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറക്കുമാറാക്കിയത്"(യെശയ്യ 59:2).



"അതേ മരണത്തിന്റെ ശാപത്തിന് ആത്മീയ പ്രത്യാഘാതങ്ങൾ മാത്രമല്ല ശാരീരിക പ്രത്യാഘാതങ്ങളും ഉണ്ട്."

അതേ മരണത്തിന്റെ ശാപത്തിന് ആത്മീയ പ്രത്യാഘാതങ്ങൾ മാത്രമല്ല ശാരീരിക പ്രത്യാഘാതങ്ങളും ഉണ്ട്. മനുഷ്യന്റെ ആത്മാവ് അനശ്വരമാണെന്ന് ദൈവം കണ്ടു. "മണ്ണിൽ നിന്നും നിന്നെ എടുത്തു മണ്ണിൽ തന്നേ നീ മടങ്ങിച്ചേരും" (ഉല്പത്തി. 3:19). ഇത് ദൈവത്തിന്റെ യഥാർത്ഥ പദ്ധതി ആയിരുന്നില്ല. ആദാം പാപം ചെയ്തപ്പോൾ "ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കി കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻതോട്ടത്തിന് കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിറുത്തി" (ഉല്പ. 3: 24). ഇങ്ങനെ ആദാമിനെയും ഹവ്വായെയും തോട്ടത്തിൽ നിന്നും പുറത്താക്കിയ നിമിഷം മുതൽ ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുന്നത് നിർത്തുകയും ചെയ്തു. ആ നിമിഷം മുതൽ അവരുടെ ശരീരത്തിലുണ്ടായിരുന്ന തേജസ്സ് നഷ്ടപ്പെട്ടു. ദീർഘായുസ്സ് ജീവവൃക്ഷഫലം ഭക്ഷിക്കുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ജീവവൃക്ഷം ഭക്ഷിക്കുന്നതിലൂടെ അവന്റെ ശാരീരിക ബലത്തെയും ആയുസ്സിനെയും ദീർഘിപ്പിക്കുവാൻ കഴിയും. പാപം ചെയ്തതിന്റെ ഫലമായി മനുഷ്യ ആയുസ്സിന്റെ ദൈർഘ്യം കുറഞ്ഞുപോയി.

പാപത്തിന്റെ ശാപത്താലുള്ള മരണം ആത്മീകമായും ശാരീരികമായും ഉള്ളതാണ്. "പാപത്തിന്റെ ശമ്പളം മരണം അത്രേ" (റോമർ. 6:23). ആദാമിന്റെ പാപത്തിന്റെ ഫലമായി ആത്മീയവും ശാരീരികവുമായ മരണം സംഭവിക്കുകയും അത് എല്ലാ മനുഷ്യരിലേക്കും പകരുകയും ചെയ്തു. ആത്മീയ മരണം എന്നത് ദൈവവുമായുള്ള ബന്ധം ഒരുവന്റെ അനീതി നിമിത്തം വേർപെട്ടു പോയി എന്നത്രേ. ശാരീരിക മരണം എന്നത് ദേഹത്തിന് ബലം ക്ഷയിച്ച് ശരീരം നിർജ്ജീവവസ്ഥയിലേക്ക് മാറ്റപ്പെടുന്നു. അത് വീഴ്ചയുടെ അനന്തര ഫലമായിട്ടാണ്. മരണത്തിന്റെ വിളംബരം ഒരിക്കൽ ആയിരുന്നെങ്കിലും അതിന്റെ അനന്തരഫലങ്ങൾ ഇരട്ടിയും ദൂരവ്യാപകവുമായിരുന്നു ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23, 1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17, റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14, 1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28, വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27, യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5, യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18, റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15, ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29, 2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കോസ് 16: 15

# പത്രാധിപലേഖനം



*“മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി.” –1 കൊരി. 15:21*

മനുഷ്യവർഗ്ഗത്തിന് നിത്യമായ ശാരീരികവും ആത്മീകവുമായ മരണത്തിന് ആദാമിന്റെ പാപം കാരണമായെങ്കിലും യേശുവിന്റെ ക്രൂശു മരണം മരണത്തെയും ശാപത്തെയും വിജയിക്കുന്നതായിത്തീർന്നു. ആദാം മുഖാന്തരം നശ്വരത ഉണ്ടായെന്നാൽ ക്രിസ്തു മുഖാന്തരം അനശ്വരത ഉണ്ടായി. ക്രിസ്തുവിന്റെ മരണ പുനരുത്ഥാനം മുഖാന്തരം മനുഷ്യവർഗ്ഗത്തിന്റെ മേലുള്ള പാപത്തിന്റെയും മരണത്തിന്റെയും ശക്തി പൂർണ്ണമായി ഒഴിയുകയും ശാപം നീങ്ങിപ്പോവുകയും ചെയ്തു.

ഒന്നാം മരണവും രണ്ടാം മരണവും ഒന്നാം പുനരുത്ഥാനവും രണ്ടാം പുനരുത്ഥാനവും ആണ് ഈ പ്രാവശ്യത്തെ നമ്മുടെ പ്രധാനപ്രതിപാദ്യ വിഷയം. ഈ വിഷയത്തെക്കുറിച്ച് ഞാൻ നല്ല ഒരു കാര്യക്ഷമമായ പഠനം നടത്തുകയും അന്വേഷണാത്മകമായ വിശകലനം നടത്തുകയും പ്രാർത്ഥനയോടു കൂടി ദൈവസന്നിധിയിൽ ഇരുന്ന് വിശദമായി പഠിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ ലളിതമായ വിശദീകരണം വചനത്തിൽ വിവരിക്കുമ്പോഴും ഇന്നത്തെ ക്രിസ്തീയ ഗോളത്തിൽ വചന വിരുദ്ധമായ പല വ്യാഖ്യാനങ്ങളും കൊടികുത്തിവാഴുകയാണ്. ദൈവസഭയിലെ സഹോദരന്മാർ ഈ വിഷയത്തെക്കുറിച്ച് മുമ്പ് നൽകിയിട്ടുള്ള നിർവ്വചനങ്ങൾ എന്റേതിൽ നിന്നും ചില വ്യത്യാസങ്ങൾ പുലർത്തുന്നവയാണ്. ചിലർ ഒന്നാം മരണം ശാരീരികമരണമാണെന്നും, ചിലർ ഏദൻതോട്ടത്തിൽ സംഭവിച്ച ആത്മീയ മരണമാണെന്നും പറയുന്നു. ഇവ രണ്ടും യഥാർത്ഥ തിരുവചനത്തിന് നിരക്കാത്തതാണ്.

ചുരുക്കത്തിൽ “ഒന്നാം മരണം” എന്ന ദൈവത്തിന്റെ ഒറ്റ പ്രഖ്യാപനം അനുസരണക്കേടിന്റെ അനന്തരഫലമാണ്. ദൈവത്തിന്റെ ആ ഒറ്റ പ്രഖ്യാപനത്തിൽ ആത്മീകവും ശാരീരികവുമായത് ഉൾകൊള്ളുന്നു. എന്നാൽ ക്രിസ്തു ആ ശാപത്തെ രണ്ടു ഘടകങ്ങളാകുന്ന ഒന്നാം പുനരുത്ഥാനത്താലും രണ്ടാം പുനരുത്ഥനത്താലം പരിഹരിച്ചു.


എനിക്ക് പ്രചോദനവും പ്രകാശനവും നൽകിയ വചനഭാഗങ്ങളാണ് ഇന്നത്തെ പംക്തിയിലുൾപ്പെടുത്തിയിരിക്കുന്നത്. എന്റെ വായനക്കാർ എല്ലാവരും ഇതു മുഖാന്തരം ആത്മീയ പ്രബുദ്ധരാകണമെന്നും ക്രിസ്തുവിനോട് കൂടെ ഉയർത്തെഴുന്നേറ്റവരായി അവിശ്വാസികളുടെ അവസാനവും, രണ്ടാം മരണത്തിന്റെ നിത്യന്യായവിധിയിൽ നിന്നും ഒഴിവുള്ളവരാകണമെന്നും ഞാൻ അതിയായി വാഞ്ചിക്കുന്നു. ആത്മീകമായി ഉയർത്തെഴുന്നേറ്റവരുടെ മേൽ പാതാളത്തിന് ഒരു അധികാരവും ഇല്ലാത്തതിനാൽ ദൈവത്തിന് നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

**മൈക്കിൾ ഡബ്ല്യു. സ്മിത്ത്**

**ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.**

www.thegospeltruth.org

## ഒന്നും രണ്ടും മരണവും, ഒന്നും രണ്ടും പുനരുത്ഥാനവും



# ബൈബിൾ പഠന സഹായി

## വിഷയം : ഒന്നും രണ്ടും മരണവും പുനരുത്ഥാനവും

**വായനഭാഗം :** *"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെ മേൽ രണ്ടാം മരണത്തിനധികാരമില്ല."* (വെളിപ്പാട് 20:6)

**രത്നചുരുക്കം :** ഏദെൻ തോട്ടത്തിൽ വച്ച് സംഭവിച്ച ആദാമിന്റെ ലംഘനം മുഖാന്തരം മനുഷ്യവർഗ്ഗത്തിന് ശാപകരമായ മരണം സംഭവിച്ചു. ഈ മരണം ഒന്നാം മരണം അതു ശാരീരികവും ആത്മീകവുമായി പരിണമിച്ചു. പാപത്തിന്റെ പരിണിതഫലമായ ശാപമരണത്തിൽ നിന്നും മനുഷ്യനെ രക്ഷിയ്ക്കുവാൻ യേശുക്രിസ്തു ഈ ലോകത്തിൽ വന്നു തന്റെ മരണപുനരുത്ഥാനത്താൽ അത് സാധിപ്പിച്ചു. ഒന്നാം പുനരുത്ഥാനം യേശുവിലുള്ള വിശ്വാസത്താലും രണ്ടാം പുനരുത്ഥാനം അക്ഷരീകമായ നിലയിലും ആകുന്നു. അക്ഷരീക പുനരുത്ഥാനം അന്ത്യകാലത്തിലാണ് നടക്കുന്നത്. ക്രിസ്തുവിനെ സ്വീകരിക്കാത്തവർക്ക് ഒന്നാം പുനരുത്ഥാനവുമായി പങ്കില്ലാതെ വരികയും അവർ നിത്യമരണത്തിനും നരകത്തിനും ഇരയായിത്തീരുകയും ചെയ്യും.



### I. ഏദൻതോട്ടത്തിലെ പാപത്തിന്റെ അനന്തരഫലം

A. ഉല്പത്തി 2: 9 ഏദൻ തോട്ടത്തിലെ രണ്ടു പ്രത്യേക വൃക്ഷങ്ങൾ

B. ഉല്പത്തി 2: 16, 17 രണ്ട് വൃക്ഷങ്ങളുടെ നേട്ടങ്ങളും അനന്തരഫലങ്ങളും

### II. രണ്ടു വിധ മരണങ്ങൾ

A. റോമർ 5 :12. ആദാമ്യ പാപത്തിന്റെ ഫലമായ മരണം

B. ഉല്പത്തി 3:19 ശാരീരിക മരണം

C. ഉല്പത്തി 3: 22, 24 ആദാമിനെ ജീവവൃക്ഷത്തിൽ നിന്നും അകറ്റി നിർത്തി

D. റോമർ 6: 23 പാപത്തിന്റെ ശമ്പളം മരണം

E. ഉല്പത്തി 3, 6,7 പാപത്താൽ വിശുദ്ധി നഷ്ടപ്പെട്ടു.

F. സങ്കി 51: 5 മനുഷ്യന്റെ നിസഹായവസ്ഥ

G. യെശയ്യാ 59: 2 അകൃത്യം ദൈവത്തിൽ നിന്നും അകറ്റി.

### III. ആത്മീയ മരണവും ആത്മീയ പുനരുത്ഥാനവും

A. ലൂക്കോസ് 15: 24 മുടിയനായ പുത്രൻ

B. യോഹന്നാൻ 5:24, 25 മരണത്തിൽ നിന്നും ജീവിങ്കലേക്കുള്ള കടന്നുപോക്ക്

C. എഫെസ്യർ, 2:1, 5-6 അതിക്രമങ്ങളിൽ മരിച്ചവരെ ഉയർപ്പിച്ചു

D. റോമർ 5: 8-21 ആദാമ്യ മരണം, ക്രിസ്തുവിലൂടെയുള്ള രക്ഷ

E. യോഹ 11: 25-26 ക്രിസ്തുവിലൂടെയുള്ള ജീവിതം

### IV. അക്ഷരീക മരണവും അക്ഷരീക ഉയർത്തെഴുന്നേൽപ്പും

A. യോഹ 5:28-29 മരണത്തിൽ നിന്നുള്ള പുനരുത്ഥാനം

B. 1 കൊരി 15:26 ഒടുക്കത്തെ ശത്രുവായ മരണം

C. 1 കൊരി 15:42- 57 ശാരീരിക ഉയർത്തെഴുന്നേൽപ്പ്

### V. രണ്ടാം മരണം

A. വെളിപ്പാട് 20: 12-15 രണ്ടാം മരണം നിത്യന്യായവിധി

B. മത്തായി 22: 13 കരച്ചിലും പല്ലുകടിയും ഉണ്ടാകും

C. ലൂക്കോസ് 16: 23-24 നരകം, യാതനസ്ഥലം

D. മർക്കോസ് 9: 43,44 കെടാത്ത തീയ്

### VI. രണ്ടാം മരണത്തിൽ പങ്കാളിയായവർ

A. വെളിപ്പാട് 21:8 - അനീതിയുള്ളവർ

B. വെളിപ്പാട് 2: 11 ജയിക്കുന്നവന് ദോഷം വരില്ല

C. വെളിപാട് 20:6 രക്ഷിക്കപ്പെട്ടവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല.

### ഉപസംഹാരം

ആത്മാവ് സഭകളോട് പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവനു രണ്ടാം മരണത്തിൽ ദോഷം വരികയില്ല.
- വെളിപ്പാട് 2:11

# ഒന്നും രണ്ടും
# മരണവും പുനരുത്ഥാനവും

**ഏദെൻതോട്ടത്തിലെ അനുസരണക്കേടിനാൽ പാപത്തിനു ലഭിച്ച ശിക്ഷയാണ് മരണം. ആത്മീകവും ശാരീരികവുമായ രണ്ട് തലങ്ങൾ ഉൾക്കൊള്ളുന്നതാണ് ഒന്നാം മരണം. ആത്മാവിന് പുനരുത്ഥാനം ചെയ്ത ജീവനിലേയ്ക്ക് മടങ്ങി വന്ന് ദൈവവുമായി ബന്ധപ്പെടുവാൻ യേശുക്രിസ്തു മുഖാന്തരം ഒരു വഴി ഒരുക്കിയിരുന്നതിനാൽ മരണത്തിന്റെ ശാപം താല്ക്കാലികമായിരുന്നു. ശാരീരിക മരണത്തിന്റെ സ്വാധീനവും യേശുക്രിസ്തു തകർത്തതിനാൽ ശാരീരികമായ ഉയർപ്പും കാലത്തിന്റെ അന്ത്യത്തിൽ ഉണ്ടായിരിക്കും**



**"ആത്മീക മരണത്തിന്റെ ശിക്ഷാവിധി യേശു ക്രിസ്തുവിന്റെ കരുണയും സഹനവും നിമിത്തം നീക്കം ചെയ്തു".**

## ഒന്നാമത്തെ പുനരുത്ഥാനം (ആത്മീകമായത്)

"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു, അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല" (വെളിപ്പാട് 20:6). ഒരു പാപി ആയിരിക്കുമ്പോൾ തന്റെപാപത്തെക്കുറിച്ച് അനുതപിക്കുകയും യേശുക്രിസ്തുവിലൂടെ ആത്മീകമായി ജീവിപ്പിക്കപ്പെടുകയും ചെയ്യുന്നതാണ് ഒന്നാമത്തെ പുനരുത്ഥാനം. പിതാവിന്റെ ഭവനം ഉപേക്ഷിച്ച് പോയ ധൂർത്ത പുത്രന്റെ ഉപമയിൽ യേശുക്രിസ്തു ഇതു വ്യക്തമായി ചിത്രീകരിക്കുന്നു. ധൂർത്തനായ മകൻ തിരിച്ചെത്തിയപ്പോൾ പിതാവ് സന്തോഷിച്ചു. "ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു" (ലൂക്കോസ് 15:24). ആ മകൻ ശാരീരികമായി മരിച്ചില്ലായിരുന്നു. പാപജീവിതം ഉപേക്ഷിച്ചപ്പോൾ അവൻ വീണ്ടും ജീവിച്ചു. ആത്മീകമായി മരിച്ചവർ ആത്മീകമായി പുനരുത്ഥാനം ചെയ്യുന്നു."

ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട് ; അവർ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവനിലേയ്ക്ക് കടന്നിരിക്കുന്നു. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു" (യോഹന്നാൻ 5:24,25). യേശു സംസാരിച്ചത് ശാരീരിക മരണത്തെക്കുറിച്ചോ പുനരുത്ഥാനത്തെ ക്കുറിച്ചോ അല്ല പ്രത്യുത കർത്താവിൽ വിശ്വസിച്ച് ദൈവപുത്രനിൽ കൂടിയുള്ള ആത്മീക ജീവൻ പ്രാപിക്കുകയും ചെയ്യുന്ന പാപിയുടെ അവസ്ഥയെക്കുറിച്ചാണ്. നാം പാപങ്ങളിൽ മരിച്ചവർ ആയിരുന്നിട്ടും ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കുകയും (കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു) യേശുക്രിസ്തുവിൽ അവനോടു കൂടെ ഉയർത്തെഴുന്നേൽപിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തുവല്ലോ (എഫേസ്യർ 2:5-7).

## ആത്മീക മരണം ഇല്ലായ്മ ചെയ്തു

റോമൻ 5:8-21 വാക്യങ്ങളിൽ പാപവും മരണവും സകലമനുഷ്യരിലും പരന്നിരിക്കുന്നത് ആദാമിന്റെ ലംഘനത്താൽ ആകുന്നു എന്നും; എന്നാൽ നീതീകരണം യേശുക്രിസ്തുവിനാൽ വരുന്നു എന്നും വളരെ ശക്തമായി പ്രസ്താവിച്ചിരിക്കുന്നു. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു ; എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും "എന്ന് യേശു പറഞ്ഞു (യോഹന്നാൻ 11:25,26). ആത്മീക മരണത്തിന്റെ ശിക്ഷാവിധി യേശുക്രിസ്തുവിന്റെ കരുണയും സഹതാപവും നിമിത്തം നീക്കം ചെയ്തു. അതിനാൽ ആദ്യത്തെ മരണത്തിന്റെ ആത്മീക തലം ഒരു ആത്മീക പുനരുത്ഥാനത്താൽ അസാധുവാക്കപ്പെട്ടു. ഇതു നാം അവന്റെ മരണത്തോട് ഏകീഭവിച്ച് ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ സാധിക്കുന്നു എന്ന് വളരെ മനോഹരമായി ജലസ്നാനത്താൽ ചിത്രീകരിച്ചിരിക്കുന്നു. (റോമർ 6:4-5). ജലം അല്ല രക്ഷിക്കുന്നതു യേശുക്രിസ്തുവിന്റെ രക്തത്താൽ ഒരു വ്യക്തി രക്ഷിക്കപ്പെട്ട് പുനരുത്ഥാന ശക്തിയിൽ ജീവിക്കുന്നതിന്റെ അടയാളമാണ് ജലസ്നാനം. പാപത്തിന്റെ അധീനതയിൽ നിന്നുള്ള ഈ ആത്മീക പുനരുത്ഥാനം ആത്മാവിന്റെ മരണത്തിൽ നിന്നുള്ള മോചനവും ആദ്യത്തെ പുനരുത്ഥാനവും ആകുന്നു.


## രണ്ടാമത്തെ പുനരുത്ഥാനം (ശാരീരികം)

ഇനി ഒന്നാം മരണത്തിന്റെ ശാരീരികമായ രണ്ടാംതലം അവശേഷിക്കുന്നു. ഒന്നാമത്തെ മരണത്തെ പൂണ്ണമായി നീക്കി പൂർണ്ണമായ അർത്ഥത്തിൽ ജീവൻ നൽകുവാനാണ് യേശുക്രിസ്തു വന്നതു. ഒന്നാമത്തെ പുനരുത്ഥാനത്തിലൂടെ ആത്മാവ് ജീവനിലേയ്ക്ക് ഉയർത്തെഴുന്നേറ്റു. രണ്ടാമത്തെ പുനരുത്ഥാനത്താൽ മരണത്തിന് അധീനമായ ശരീരം ഉയർത്തെഴുന്നേൽക്കും."ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവനായും തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു. (യോഹന്നാൻ 5:28,29). ഭാവികാലത്തു ശാരീരികമായ ഒരു ഉയർത്തെഴുന്നേൽപ്പ് ഉണ്ട്. "ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും" (1 കൊരിന്ത്യർ 15:26). ക്രിസ്തു തന്റെ പുനരുത്ഥാനത്താൽ മരണത്തിനു മേൽ ജയോത്സവം കൊണ്ടാടി. യേശു രണ്ടാമതും പ്രത്യക്ഷനാകുമ്പോൾ ശരീരത്തിന്റെ പുനരുത്ഥാനവും ദൈവത്തിന്റെ ന്യായാസനത്തിന് മുമ്പാകെ

*(പേജ് 5-ൽ നിന്ന് തുടർച്ച)*

എല്ലാവരും നിൽക്കേണ്ടതായും വരും. ഈ ദ്രവത്വമുള്ള ശരീരം അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്ന വചനം നിവൃത്തിയാകും (1 കൊരിന്ത്യർ 15:42-57).

മനുഷ്യൻ മൂലം മരണം ഉണ്ടാകുകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി (1 കൊരിന്ത്യർ 15:21-22). ശാരീരികമായ ഈ പുനരുത്ഥാനം രണ്ടാമത്തെ പുനരുത്ഥാനമായി കണക്കാക്കുന്നു. ആദാം മുതൽ മരണത്തിന്റെ ശിക്ഷ മനുഷ്യന്റെമേൽ നിഴലിടുന്നു എങ്കിലും ക്രിസ്തുവിൽ കൂടിയുള്ള രണ്ട് പുനരുത്ഥാനങ്ങൾ ഒന്നാം മരണത്തിന്റെ രണ്ട് തലത്തിലുമുള്ള ശക്തിയെ നീക്കി കളയുന്നു. ഒന്നാമത്തെ പുനരുത്ഥാനം രക്ഷയും രണ്ടാമത്തെ പുനരുത്ഥാനം മരിച്ചവരുടെ ശാരീരികമായ ഉയർത്തെഴുന്നേൽപ്പും ആകുന്നു.



**"ദൈവത്തിൽ നിന്നുള്ള രണ്ടാമത്തെ മരണത്തിന്റെ ശിക്ഷ അവസാനത്തേതും നിത്യവും ആയിരിക്കും; രണ്ടാം മരണത്തിന്റെ ഈ ശിക്ഷയിൽ നിന്ന് ഒരിക്കലും രക്ഷപ്പെടുവാൻ കഴിയുന്നതല്ല".**

## രണ്ടാമത്തെ മരണം നിത്യമാണ്

ദൈവത്തിന്റെ ദാനത്തെ സ്വീകരിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിന്റെ ശക്തിയാൽ ഒന്നാമത്തെ മരണം താൽക്കാലികമാണ്. ദൈവത്തിൽ നിന്നുള്ള രണ്ടാമത്തെ മരണത്തിന്റെ ശിക്ഷ അവസാനത്തേതും നിത്യവും ആയിരിക്കും ; രണ്ടാമത്തെ മരണത്തിന്റെ ഈ ശിക്ഷയിൽ നിന്ന് ഒരിക്കലും രക്ഷപ്പെടുവാൻ കഴിയുന്നതുമല്ല.

"മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവർത്തികൾക്കടുത്ത ന്യായവിധി യുണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏൽപിച്ചു കൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏൽപ്പിച്ചു കൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവർത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളിപ്പാട് 20:12-15). ദൈവത്തിൽ നിന്നും നിത്യമായി ദുരിതത്തിലേയ്ക്കും അന്ധകാരത്തിലേക്കും വേദനയിലേക്കും തള്ളിക്കളയുന്നതാണ് രണ്ടാമത്തെ മരണം. രണ്ടാമത്തെ ഈ മരണം യേശുക്രിസ്തുവിൽ കൂടി ഒന്നാം മരണത്തിന്റെ ശക്തിയിൽ നിന്ന് മോചനം പ്രാപിക്കാത്ത എല്ലാവർക്കും ന്യായവിധി ദിവസത്തിൽ സംഭവിക്കും.

## രണ്ടാം മരണത്തിൽ നിന്ന് പ്രതിവിധികൾ ഇല്ല

നിത്യമായ യാതനയുടെയും (ലൂക്കോസ് 16:23-24) അന്ധകാരത്തിന്റെയും കരച്ചിലിന്റെയും പല്ലുകടിയുടെയും (മത്തായി 22:13) സ്ഥലമാണ് നരകം. അവിടെ പുഴു ചാകുന്നില്ല തീ കെടു ന്നതുമില്ല (മർക്കോസ് 9:43,44). രണ്ടാം മരണത്തിൽ ആത്മീകവും ശാരീരികവുമായ പീഢയ്ക്കും വേദനയ്ക്കും അവസാനം ഉണ്ടാകുകയില്ല. രണ്ടാം മരണത്തിൽ നിന്ന് മറ്റ് പ്രതിവിധികൾ ഒന്നും ഇല്ലാത്തതിനാൽ പ്രത്യാശയ്ക്കോ മറ്റൊരു വീണ്ടെടുപ്പുകാരനെയോ പ്രതീക്ഷിക്കേണ്ടതില്ല.

ദൈവത്തെ കൂടാതെയുള്ളവരും വീണ്ടെടുക്കപ്പെടാത്തവരുമായ സകലരും രണ്ടാം മരണത്തിന്റെ നിത്യമായ ഭണ്ഡനത്തിലേക്ക് പോകും. "ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക് പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ. അതു രണ്ടാമത്തെ മരണം (വെളിപ്പാട് 21:8)

## രണ്ടാം മരണത്തിൽ അകപ്പെടാതിരിക്കുവാൻ രക്ഷ പ്രാപിക്കുക

യേശുക്രിസ്തുവിലൂടെ രണ്ടാം മരണത്തിൽ നിന്ന് മോചനം ഉള്ളതിനാൽ ദൈവത്തിന് സ്തോത്രം. ആദാം മൂലം സകല മനുഷ്യരിലും ആത്മീകമായും ശാരീരികമായും ഒന്നാം മരണം കടന്നപ്പോൾ, യേശുക്രിസ്തു വിൽ കൂടി എല്ലാവർക്കും അതിന്റെ ശക്തിയിൽ നിന്ന് മോചനവും ഉണ്ട്. രണ്ടാം മരണമായ നിത്യനരകത്തിന് ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവരുടെ മേൽ അധികാരമില്ല.

"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല" (വെളിപ്പാട് 20:6) യേശുക്രിസ്തുവിന്റെ ഈ ദാനം ഒന്നാം മരണത്തിന്റെ അനന്തരഫലങ്ങൾ മാറ്റുകയും രണ്ടാം മരണത്തിൽ നിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ ഉറപ്പ് നൽകുകയും ചെയ്യുന്നു. യേശു ക്രിസ്തു നൽകുന്ന പാപ മോചനം പ്രാപിച്ച് മഹത്തായ ഈ രക്ഷ പ്രാപിക്കൂ. നമ്മുടെ കർത്താവിന്റെ കാൽച്ചുവടുകൾ പിന്തുടർന്ന്, പിതാവിനു പ്രീതികരമായ ജീവിതം നയിക്കുക. ആത്മീക പുനരുത്ഥാനം പ്രാപിച്ച് മരണത്തിൽ നിന്ന് ജീവനിലേയ്ക്ക് പ്രവേശിച്ചവരെ സ്വർഗ്ഗം കാത്തിരിക്കുന്നു. ഈ വാഗ്ദാനം ഉറപ്പുള്ളതും നിശ്ചയവുമാണ്. "ജയിക്കുന്നവനു രണ്ടാം മരണത്തിൽ ദോഷം വരുകയില്ല" (വെളിപ്പാട് 2:11) ■

# ചോദ്യവും ഉത്തരവും

## 1 തെസ്സലോനിക്യർ 4: 13–18 വാക്യങ്ങളിൽ നീതിമാന്മാരുടെ പുനരുത്ഥാനം അനീതിയുള്ളവരെക്കാൾ വ്യത്യസ്ത സമയത്തിലും അവസരത്തിലും ആയിരിക്കും എന്ന് പഠിപ്പിക്കുന്നുണ്ടോ? രണ്ട് വ്യത്യസ്ത ശാരീരിക പുനരുത്ഥാനം ഉണ്ടാകുമെന്ന് തോന്നുന്നുവോ?

കല്ലറയിൽ നിന്ന് ഒരു ശാരീരിക ഉയർപ്പ് മാത്രമേ ഉണ്ടാകൂ. യോഹന്നാൻ 5:28,29 ഇതു വ്യക്തമായി പഠിപ്പിക്കുന്നു. "ഇതിങ്കൽ ആശ്ചര്യപ്പെടരുത് കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു". അനേകം വ്യാജ പ്രവാചകന്മാരുടെ പഠിപ്പിക്കലുകൾ പരിഗണിക്കാതെ തന്നെ നീതിമാന്മാരും നീതികെട്ടവരും ഒരേ നാഴികയിൽ പുനരുത്ഥാനം പ്രാപിക്കുമെന്ന് യേശു പറഞ്ഞു. ഇതു സഹസ്രാബ്ദ ഭരണസിദ്ധാന്തത്തിന് വിരുദ്ധമാണ്.

1 തെസ്സലോനിക്യർ 4:16 ൽ കർത്താവ് മടങ്ങി വരുമ്പോൾ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കും എന്ന് നമ്മോട് പറയുന്നു. തുടർന്ന് 17-ാം വാക്യത്തിൽ "പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും". എന്ന പ്രസ്താവന കർത്താവ് മടങ്ങി വരുമ്പോൾ വിശുദ്ധന്മാർക്ക് എന്തു സംഭവിക്കും എന്ന് വിവരിക്കുന്നു. യോഹന്നാൻ 5 ൽ ക്രിസ്തു പറഞ്ഞതുപോലെ ദുഷ്ടന്മാരുടെ വിധിയോ അവരുടെ പുനരുത്ഥാനത്തെയോ അതു സൂചിപ്പിക്കുന്നില്ല. 1 തെസ്സലൊനിക്യർ 4:13-18 വാക്യങ്ങൾ ക്രിസ്തുവിൽ പ്രത്യാശയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരെ ആശ്വസിപ്പിക്കുന്നതിനും എഴുതിയതാണ് (വാ.18).

ക്രിസ്തുവിന്റെ വരവിങ്കൽ ഒരു സാർവ്വത്രിക പുനരുത്ഥാനം ഉണ്ടാകും.

## വെളിപ്പാട് 20:5–6 ൽ സഹസ്രാബ്ദ വാഴ്ചയോടുള്ള ബന്ധത്തിൽ എന്താണ് എഴുതിയിരിക്കുന്നത് എന്ന് ദയവു ചെയ്തു വിവരിക്കാമോ?



ചോദ്യത്തിലുള്ള പ്രസ്തുത ഭാഗം ഇങ്ങനെ വായിക്കുന്നു" മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ട് കഴിയുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും "പുരോഹിതന്മാരായി ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ട് വാഴും" (വെളിപ്പാട് 20:5-6).

ഈ ഭാഗത്തിന്റെ ആമുഖം എന്ന നിലയിൽ രണ്ട് പുനരുത്ഥാനങ്ങളെക്കുറിച്ച് യോഹന്നാൻ 5:24-29 ലെ യേശുവിന്റെ ലളിതമായ പഠിപ്പിക്കൽ നമുക്ക് ഓർക്കാം. ഒന്നാമത്തേത് വ്യക്തമായും ആത്മീയവും വർത്തമാന കാലത്തിലും ഉള്ളതായിരുന്നു. (ഇപ്പോൾ വന്നുമിരിക്കുന്നു). രണ്ടാമത്തേത് ശാരീരികവും ഭാവികാലത്തുള്ളതുമാണ് (നാഴിക വരുന്നു).


ഇനി നമുക്ക് മുന്നിലുള്ള ചോദ്യം പരിഗണിക്കാം. വെളിപ്പാട് 5:6 ൽ പറയുന്നത് ശാരീരിക പുനരുത്ഥാനത്തെക്കുറിച്ചല്ല. റോമൻ കത്തോലിക്ക സഭയുടെയും പ്രൊട്ടസ്റ്റൻന്റ് സഭയുടെയും ഭരണകാലത്ത് രക്തസാക്ഷിത്വം വഹിച്ച ആത്മാക്കളെക്കുറിച്ചാണ്. ഈ ഭാഗം ഒരു നിലയിലും ഭൂമിയിലെ സഹസ്രാബ്ദ വാഴ്ചയെ പഠിപ്പിക്കുകയോ സൂചിപ്പിക്കുകയോ ചെയ്യുന്നില്ല. വാക്യം 4 ൽ യേശുവിന്റെ സാക്ഷ്യത്തിനായി ശിരച്ഛേദം ചെയ്യപ്പെട്ടവരുടെ ആത്മാക്കളെക്കുറിച്ച് പറയുന്നു. ഇരുണ്ട യുഗങ്ങളിലും അതിനു മുന്നിലും വിശ്വാസത്യാഗവും വഞ്ചനയും നടന്നിരുന്ന കാലത്തു സ്വർഗ്ഗത്തിൽ വാണിരുന്ന അവരുടെ ആത്മാക്കളെക്കുറിച്ചാണ്, ആവരുടെ ശരീരത്തെക്കുറിച്ചല്ല പറയുന്നത്. ഈ ആയിരം വർഷങ്ങൾ അഥവാ പ്രതീകാത്മകമായ ഒരു നീണ്ട കാലഘട്ടത്തിനു മുമ്പ് ആദിമകാല സഭ ഭൂമിയിൽ വിജയകരമായി കാണപ്പെട്ടു. അതുകൊണ്ട് ഭൂമിയിലെ വിശ്വാസത്യാഗത്തെക്കാൾ ഉപരി സഭ സ്വർഗ്ഗത്തിൽ വാഴുന്നു എന്ന ഒരു ദർശനം നൽകിയിരിക്കുകയാണ്. വാഴുന്ന ആത്മാക്കൾ ഒന്നാമത്തെ പുനരുത്ഥാനത്താൽ ജീവിതത്തിന് മാറ്റം സംഭവിച്ച് രക്ഷയുടെയും പുനരുത്ഥാനത്തിന്റെയും ശക്തിയിൽ അവരുടെ രക്തസാക്ഷിത്വത്തിനു മുമ്പ് ജീവിച്ചിരുന്നവരാണ്.

ആദ്യത്തെ പുനരുത്ഥാനം രക്തസാക്ഷികൾക്കായി മാത്രമുള്ളതല്ല, പിന്നെയോ ആത്മാക്കളുടെ രണ്ടാമത്തെ മരണത്തിന്റെ അല്ലെങ്കിൽ ശാശ്വതമായ ശിക്ഷയുടെ ശക്തിക്ക് കീഴടങ്ങുന്നതിനു പകരം ക്രിസ്തുവിനൊപ്പം വാഴുവാൻ പ്രാപ്തമായവർക്കുള്ളതാണ്. ആയിരമാണ്ട് അവസാനിക്കുമ്പോൾ അഥവാ ഒരു നീണ്ട കാലഘട്ടം കഴിയുമ്പോൾ സഭ ഒരിക്കൽ കൂടി ഭൂമിയിൽ വിജയകരമായി കാണപ്പെടും.

Printed matter only

**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**




വെളിപ്പാട് 22:1-2 വാക്യങ്ങളിൽ ദൈവത്തിന്റെ സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ജീവനദിയുടെ ഇരുകരകളിലും വളരുന്ന ജീവവൃക്ഷത്തെ ചിത്രീകരിച്ചിരിക്കുന്നു."ഇനി ശാപം ഉണ്ടാകുകയില്ല" എന്ന് 3-ാം വാക്യവും പ്രസ്താവിക്കുന്നു. ആത്മീയ മരണം ഇല്ലാത്ത ജീവവൃക്ഷത്തിലേയ്ക്ക് ദൈവപൈതലിന് ഇന്ന് പ്രവേശിക്കുവാൻ കഴിയും. നദിയുടെ മറുകരയിൽ നിത്യതയിൽ വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും ദൈവകുഞ്ഞാടിന്റെ സന്നിധിയിൽ നിത്യതയിൽ പങ്കുചേരുവാൻ കഴിയുന്നത് പ്രതീകാത്മകമായി രേഖപ്പെടുത്തിയിരിക്കുന്നു.

**തക്കസമയത്ത് പറഞ്ഞ വാക്ക്**

# നാം എല്ലാവരും രൂപാന്തരപ്പെടും

*ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം, നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും - 1 കൊരിന്ത്യർ 15:51*

കൊരിന്തിലുള്ള വിശുദ്ധന്മാർ കർത്താവിനോട് വിശ്വസ്തരായിരിക്കുവാൻ പ്രോത്സാഹിപ്പിച്ചു കൊണ്ട് പൗലോസ് എഴുതിയിരിക്കുന്നു. ക്രിസ്തുവിന്റെ മടങ്ങി വരവിൽ ചിലർ നിദ്രകൊള്ളുകയും ചിലർ ജീവിച്ചിരിക്കുകയും ചെയ്യും. പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കുകയും മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും (1 കൊരിന്ത്യർ 15:52).



ദൈവത്തിന്റെ പൈതലേ ഒരു രൂപാന്തരം വരുന്നു! നമ്മുടെ ഭൗതിക ശരീരം പ്രായമാകുകയും അതിന്റെ വൈകല്യങ്ങളിലേയ്ക്ക് പോകുകയും ചെയ്യും എന്നത് ഒരു യാഥാർത്ഥ്യമാണ്. ഒടുവിൽ ശരീരം മരിക്കുകയും അതു സൃഷ്ടിക്കപ്പെട്ട പൊടിയിലേക്ക് മടങ്ങി ചേരുകയും ചെയ്യും. ഏദെൻ തോട്ടത്തിൽ മനുഷ്യരാശിയുടെ മേൽ പതിച്ച പാപത്തിന്റെ ശാപമാണ് ഇതിനു കാരണം. എന്നിരുന്നാലും ആ ശാപം ദൈവത്തിന്റെ വിശുദ്ധന് താല്ക്കാലികമാണ്. യേശു മരണത്തെ കീഴടക്കുകയും അതിന്റെ ശാപത്തിൽ നിന്ന് നമ്മെ വിടുവിക്കുകയും ചെയ്തു. സ്തോത്രം!

യേശു മടങ്ങി വരുമ്പോൾ മരിച്ചവർ കല്ലറകളിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും എല്ലാ വിഭാഗത്തിലും ഭാഷയിലും തലമുറയിലുംപെട്ട എല്ലാവരും രൂപാന്തരപ്പെടും. മഹത്തായതും ശക്തവുമായ ഒരു പുനരുത്ഥാനം ലോകമെമ്പാടും സംഭവിക്കും, കൂടാതെ എല്ലാ ദൈവമക്കൾക്കും തേജസ്സുള്ള ശരീരം ലഭിക്കും. ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കണം.

രൂപാന്തരം തേജസ്സുള്ളതും കണ്ണിമയ്ക്കുന്നതിനുമിടയിൽ ആയിരിക്കും. ദൈവം മരിച്ചവരെ ജീവിപ്പിക്കുന്നതു പോലെ ജീവനോടെ ശേഷിക്കുന്നവരെല്ലാം അക്ഷയരായി രൂപാന്തരപ്പെട്ട് അമർത്യത പ്രാപിക്കും. ജീവിതവും ശാരീരിക മരണവും ബലഹീനവും തകർന്നതുമായി രുന്നെങ്കിലും അതു ശക്തമാക്കപ്പെടുക മാത്രമല്ല പുതുതായി മാറ്റപ്പെടുകയും ചെയ്യും.

സ്വർഗ്ഗത്തിൽ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലത്തിന്റെ ഭംഗിയും പ്രതാപവും ആസ്വദിച്ച് ചേർന്നു പോകുവാൻ നമ്മുടെ നിലവിലെ ഭൗതിക ശരീരത്തിനു കഴിയുകയില്ല. അതിനാൽ സ്വർഗ്ഗത്തിൽ നിത്യതയിൽ സന്തോഷത്തോടെ ജീവിക്കു ന്നതിന് യോഗ്യമായ ഒരു ശരീരം ദൈവം നമുക്കായി പദ്ധതിയിട്ടിരിക്കുന്നു. രൂപാന്തര പ്പെട്ട ശരീരം നിത്യതയിൽ നമ്മുടെ ശാശ്വതമായ ആത്മാക്കൾക്കുള്ള വാസസ്ഥലവും മേലാൽ മരണം ഇല്ലാത്തതും ആയിരിക്കും. നമ്മുടെ ശരീരത്തിന്റെ ഈ മാറ്റത്തിന്റെ സ്വഭാവം കൃത്യമായി ദൈവം വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ലെങ്കിലും ഈ മാറ്റം നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നതിനെക്കാൾ വളരെയേറെയാണ്.

മരണനിഴലിൽ താഴ്വരയിൽ കൂടി നടക്കുമ്പോഴും നിങ്ങളുടെ പ്രീയപ്പെട്ടവരോടു കൂടി നടക്കുമ്പോഴും ജീവിതത്തിൽ പ്രോത്സാഹനത്തോടു കൂടി ആയിരിക്കുക. നിങ്ങൾ രക്ഷിക്കപ്പെട്ട് യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചവർ ആകുന്നു എങ്കിൽ നിങ്ങൾ രൂപാന്തരപ്പെടുന്ന ഒരു ദിവസം വരുന്നു.■


if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**